# വിൽക്കാനുണ്ട് പ്രാർത്ഥനകൾ

എസ്.എ. ഐദീദ് തങ്ങൾ, പൊന്നാനി

ലോകത്ത് ആത്മരക്ഷക്കായി ഉപയോഗിക്കാൻ മനുഷ്യർ പല ആയുധങ്ങളും പ്രയോഗിക്കാറുണ്ട്. കത്തി, വാൾ, കുന്തം, അമ്പ്, തോക്ക്, ബോംബ് തുടങ്ങി പലതും. പ്രതിയോഗിയുടെ മേൽ പ്രയോഗിച്ചാൽ പലപ്പോഴും ഉന്നം തെറ്റാവുന്നതാണ് മേൽ പറയപ്പെട്ട ആയുധങ്ങളെല്ലാം തന്നെ. എന്നാൽ, ഒരിക്കലും ഉന്നം തെറ്റാത്ത ഇതൊന്നുമല്ലാത്ത ഒരായുധമുണ്ട്. ഏതൊരു ദരിദ്രനായ വ്യക്തിക്ക് പോലും അവനുദ്ദേശിക്കുന്ന സമയത്ത് നിഷ്പ്രയാസം കൈവരിക്കാൻ കഴിയുന്ന അമൂല്യമായ ഒരു ആയുധമത്രെ അത്. ഏതാണാ ആയുധം? അതെ, പ്രാർത്ഥന തന്നെ. ഒരു സത്യവിശ്വാസിക്ക് പ്രാർത്ഥനയേക്കാൾ മഹത്വമേറിയ ആയുധമായി യാതൊന്നുമില്ല. പ്രത്യക്ഷത്തിൽ തോക്കും, ബോംബുമൊക്കെ വലിയ ആയുധങ്ങളായി തോന്നുമെങ്കിലും യഥാർത്ഥത്തിൽ അവയൊന്നും പ്രാർത്ഥനയേക്കാൾ ഫലപ്രദമാണെന്ന് ഒരു വിശ്വാസിക്ക് ചിന്തിക്കാൻ തന്നെ പറ്റുന്നതല്ല. പ്രവാചകന്മാരുടെ പല ചരിത്ര സംഭവങ്ങളും നമ്മെ പഠിപ്പിക്കുന്നത് ഈ വിശ്വാസം തന്നെയാണ്. മൂസാനബി(ﷺ)യെ ഫിർഔനിൽ നിന്ന് രക്ഷിച്ചതും, ഇബ്രാഹീം നബി(ﷺ)യെ തീയിൽ നിന്ന് രക്ഷിച്ചതും അന്ത്യപ്രവാചകനെയും സ്വഹാബികളെയും പല യുദ്ധങ്ങളിൽ വിജയിപ്പിച്ചതും അല്ലാഹുവിനോടുള്ള നിഷ്കളങ്കമായ അവരുടെ പ്രാർത്ഥന എന്ന ആയുധമല്ലാതെ മറ്റൊന്നുമായിരുന്നില്ല.

എന്നാൽ, ''ഞാനെത്ര പ്രാർത്ഥിച്ചിട്ടും എനിക്കൊരുത്തരവും ലഭിക്കുന്നില്ലല്ലോ?'' എന്ന് പരാതിപ്പെടുന്ന പല പ്രാർത്ഥനക്കാരെയും കാണാറുണ്ട്. പരിഹാരം ലളിതമാണ്. സർവ്വ ചരാചരങ്ങളെയും സൃഷ്ടിച്ച് അവയെ എല്ലാം നിയന്ത്രിച്ച് കൊണ്ടിരിക്കുന്ന പടച്ച തമ്പുരാനാണ് തന്റെ സർവ്വസ്വവും എന്നും, അവനേയാണ് താൻ എല്ലാം ഭരമേൽപ്പിക്കേണ്ടതെന്നും, തന്റെ നേർച്ചവഴിപാടുകൾ അവന് മാത്രമേ സമർപ്പിക്കാൻ പാടുള്ളൂ എന്നും വിശ്വസിക്കുന്ന ഒരു വിശ്വാസി, അല്ലാഹു തനിക്ക് നൽകിക്കൊണ്ടിരിക്കുന്ന അനുഗ്രഹങ്ങളിൽ യാതൊന്നിലും ഹറാമിന്റെ അംശംപോലും കലർത്താതെ, വൻപാപങ്ങളിൽ നിന്നെല്ലാം വിട്ടൊഴിഞ്ഞ്, പ്രവാചകചര്യ പിൻപറ്റി ജീവിതത്തിൽ കഴിയുന്നത്ര സൂക്ഷ്മത പുലർത്തിജീവിക്കുന്ന ഒരു വ്യക്തിയുടെ പ്രാർത്ഥന അല്ലാഹുതആല സ്വീകരിക്കുകയില്ല എന്ന് പറയാൻ ആർക്കാണ് കഴിയുക?

പ്രാർത്ഥനയുടെ പ്രയോജനത്തെപ്പറ്റിയോ, ആവശ്യകതയെപ്പറ്റിയോ നമ്മിലധികം പേർക്കും സംശയമുള്ള കാര്യമല്ല. പക്ഷെ, പ്രാർത്ഥന നമ്മുടെ നിത്യജീവിതത്തിലെ ഒരനുഭവമാക്കാനോ, ജീവിതത്തിൽ പ്രാവർത്തികമാക്കാനോ പലപ്പോഴും സാധിക്കുന്നില്ല എന്ന് മാത്രം. എന്ത് കൊണ്ടാണത്? അലസത, ജോലിത്തിരക്ക്, ദുൻയാവിനോടുള്ള കടുത്ത പ്രേമം, സമയക്കുറവ്, പിന്നെ പിശാചിന്റെ ഉത്ബോധനവും

തന്നെ സൃഷ്ടിച്ച് പരിപാലിച്ച് കൊണ്ടിരിക്കുന്ന പടച്ച തമ്പുരാനോട് നേർക്ക് നേരെ പ്രാർത്ഥിക്കുന്നതിന് പകരം സൃഷ്ടികളെ ഇടയാളൻമാരാക്കി പ്രാത്ഥിക്കുന്നവരും, സൃഷ്ടികളോട് നേരിട്ട് പ്രാർത്ഥിക്കുന്നവരും വാളോങ്ങുന്നത് തനിക്ക് നേരെ തന്നെയാണന്നത് അവരറിയുന്നില്ല. എട്ടുകാലിവലയുടെ ബലം പോലും ലക്ഷ്യത്തിലെത്താത്ത–ഉത്തരം കിട്ടാത്ത–ഉന്നം പിഴച്ച് പോകുന്ന ഇത്തരം പ്രാർത്ഥനകൾ ആഭാസകരമായ രീതിയിലേക്ക് തരംതാഴ്ന്ന് പോകുന്നതും അത്കൊണ്ട് തന്നെയാണ്.

ദികർ ഹൽഖയും, പ്രാത്ഥനാസമ്മേളനവും, വാർഷികവും മറ്റും ലൗഡ്സ്പീക്കർ വെച്ച് കൂട്ടത്തോടെ അട്ടഹസിച്ച് കൊണ്ടായിരിക്കും ഇത്തരക്കാരുടെ പ്രാർത്ഥന. ''താഴ്മയോടും, രഹസ്യമായും (നിങ്ങൾ) നിങ്ങളുടെ റബ്ബിനോട് പ്രാർത്ഥിക്കുക. നിശ്ചയം അതിര് കടക്കുന്നവരെ അല്ലാഹു ഇഷ്ടപ്പെടുകയില്ല.'' (അഅ്റാഫ്–55) എന്ന അല്ലാഹുവിന്റെ വചനത്തെയാണ് ഇക്കൂട്ടർ

പരിഹാസ പാത്രമാക്കുന്നതെന്നോർക്കണം. തന്റെ മാതാപിതാക്കളോടോ, ഗുരുനാഥനോടോ വല്ലതും ആവശ്യപ്പെടാൻ വേണ്ടി ലൗഡ് സ്പീക്കർ വെച്ച് ഉച്ചത്തിൽ അട്ടഹസിച്ച് ചോദിച്ചാൽ അവനെപ്പറ്റി ഭ്രാന്തനെന്നേ ആരും പറയൂ. എന്നാൽ, ഹൃദയരഹസ്യങ്ങൾ പോലും സൂക്ഷ്മായി അറിയാൻ കഴിയുന്ന തന്റെ റബ്ബിനോട് പോലും ഇത്തരത്തിലുള്ള പ്രാർത്ഥനാ വൈകൃതങ്ങൾ പ്രകടിപ്പിക്കുന്ന ദുഃശക്തികൾക്ക് പിന്നിൽ ഗൂഢമായ പല ലക്ഷ്യങ്ങളും കാണാമെന്ന കാര്യം ആർക്കാണ് അറിഞ്ഞ് കൂടാത്തത്. ബുർദ്ദയും റാത്തീബും ഹദ്ദാദും പാരായണം ചെയ്തു 'അൽ ഫാത്വിഹ' വിളിച്ച് ദുആ ഇരക്കുകയും ഖൗമ് ഉച്ചത്തിൽ ആമീൻ പറയുകയും ചെയ്യുന്ന ശബ്ദം പള്ളിയിൽ നിന്ന് ലൗഡ് സ്പീക്കർ മുഴങ്ങികേൾക്കുമ്പോൾ ജുമുഅ ജമാഅത്തിനൊന്നും പോവാതെ വീടിന്റെ ഉള്ളിന്റെ ഉള്ളിന്റെ പുകയും ചൂടും സഹിച്ച് അടുക്കളയിൽ തളച്ചിരുത്തിയ സ്ത്രീ സമൂഹത്തോടുള്ള ആഹ്വാനം ''പെണ്ണുങ്ങളേ... റാത്തീബ് തീരാറായി – ഞങ്ങളിതാ വന്നു കഴിഞ്ഞു. വേഗം ഇറച്ചിയും പത്തിരിയും റെഡിയാക്കിക്കോ – കൂടാതെ സംഭാവനയായി കാതിലും കഴുത്തിലും ഉള്ളത് വേറെയും'' എന്നായിരിക്കും.

ഖൗമിനെ വശീകരിച്ച് തങ്ങളുടെ പാളയത്തിൽ തന്നെ പിടിച്ചു നിർത്താനുള്ള തത്രപ്പാടാണ് മറ്റൊരു ലക്ഷ്യം. ചിന്തിച്ചു നോക്കൂ.. അല്ലാഹുവിന് മാത്രം ദിക്ർ ദുആകളർപ്പിക്കുന്ന മുത്തഖിയായ ഒരു മനുഷ്യന് തന്റെ കർമ്മങ്ങൾ മറ്റൊരാളെ കാണിക്കാനോ, കേൾപ്പിക്കാനോ ആഗ്രഹമുണ്ടായിരിക്കില്ല എന്നതല്ലെ സത്യം? അല്ലാഹുവും അവനും മാത്രമുള്ള ഒരു കൂടിക്കാഴ്ചയാണിത്. അതിനിടയിൽ ആരെയും കുത്തിത്തിരുകുകയോ, മറ്റാരെയും ബോധ്യപ്പെടുത്തുകയോ ചെയ്യേണ്ട ഒരാവശ്യവും അയാൾക്കുണ്ടാവേണ്ടതില്ല. നാളെ പരലോകത്തെ മഹത്തായ പ്രതിഫലം മാത്രമെ തന്റെ ആരാധന കൊണ്ട് അയാൾ ലക്ഷ്യമാക്കുന്നുള്ളൂ. അതിനപ്പുറം ഒരാഗ്രഹവും അയാൾ മോഹിക്കുകയില്ല. എന്നാൽ ലൗകീകത്തൊഴിലാളികളായ ഈ പ്രാർത്ഥന സമ്മേളനക്കാർ ലക്ഷ്യമാക്കുന്നത് ദുനിയാവിലെ നശ്വരമായ ചില അപ്പക്കഷ്ണങ്ങൾക്ക് വേണ്ടിയുള്ള പാടുപെടലുകളാണെന്ന് ബുദ്ധിയുള്ളവർക്കേവർക്കും മനസ്സിലാവും. ഈയൊരു ലക്ഷ്യത്തിന് വേണ്ടി അല്ലാഹുവിന് മാത്രം അർപ്പിക്കേണ്ടതായ ദിക്റും, ദുആഇലും, സ്വലാത്തുകളിലും കഴിയുന്നത്ര പുതുമ കൈവരുത്തി പാമരജനങ്ങളെ വശീകരിക്കാൻ മൈക്കൾ ജാക്സൺ സംഗീതം വരെ ഇക്കൂട്ടർ തേടിപ്പോവുന്നതിൽ ഒട്ടും അത്ഭുതപ്പെടാനില്ല.

പരിശുദ്ധ ക്വുർആൻ എത്ര തവണ പാരായണം ചെയ്യുന്നതും ഏറ്റവും പുണ്യകർമ്മവും പ്രതിഫലാർഹവുമാണെന്ന കാര്യത്തിൽ ആർക്കും തർക്കമില്ലല്ലോ? എന്നാൽ ക്വുർആൻ ആരെങ്കിലും ലൗഡ് സ്പീക്കർ വെച്ച് ഘോരശബ്ദത്തിൽ പള്ളിയിൽ വട്ടമിട്ടിരുന്ന് എപ്പോഴെങ്കിലും പാരായണം ചെയ്യാറുള്ളതായി നാം കേട്ടിട്ടുണ്ടോ? ഇല്ലല്ലോ.? പിന്നെ.....? എന്തേ മൗലീദ് കിതാബും, ബുർദയും, റാത്തീബും, ഹദ്ദാദുമൊക്കെ ക്വുർആനോതുന്ന പോലെ ഓരോരുത്തരായി പള്ളിയുടെ മൂലയിലിരുന്ന് രഹസ്യമായി ഒറ്റക്കൊറ്റക്കിരുന്ന് പാരായണം ചെയ്യാത്തത്? പ്രതിഫലം കുറയുമെന്ന് പേടിച്ചിട്ടാണോ? അതോ, ക്വുർആനേക്കാൾ മഹത്വം ഈ പാളക്കിതാബുകൾക്കൊക്കെ ഉണ്ടെന്ന വിശ്വാസത്താലാണോ? അതുമല്ലെങ്കിൽ ക്വുർആൻ മരിച്ചവന്റെ മുന്നിൽ ഇരുന്ന് മാത്രം ഓതാനുള്ള ഒരു ഗ്രന്ഥമാണെന്ന് ഇക്കൂട്ടർ വിശ്വസിച്ചത് കൊണ്ടോ? അതൊ സ്വർഗത്തിൽ മണിമാടം കിട്ടുവാൻ ക്വുർആനോതിയിട്ട് ഒരു കാര്യവുമില്ല, അത് മുഹ്‌യിദ്ദീൻ മാല തന്നെ ചൊല്ലണം എന്ന വളഞ്ഞ തിരിച്ചറിവോ? എന്താണീ കാട്ടിക്കൂട്ടലിന് പിന്നിൽ?

മൗലീദും, റാത്തീബും കഴിക്കാനൊക്കെ പല ഖുറാഫീ വീടുകളിലും നേർച്ചയാക്കാറുണ്ടല്ലോ? എന്നാൽ, അതിനേക്കാൾ വിശിഷ്ടമായ ക്വുർആൻ പള്ളിയിലിരുന്നോ വീട്ടിൽ വെച്ചോ പാരായണം ചെയ്യാൻ ഒരു ഖുറാഫിയും എന്തേ നേർച്ചയാക്കാത്തത്.? ഉത്തരം ലളിതമാണ്. മൗലീദും റാത്തീബും ജനങ്ങളുടെ മാറിമാറി വരുന്ന ഇഷ്ടത്തിനനുസരിച്ച് ഏത് മൈക്കിൾ ജാക്സൺ ശൈലിയിലും ആടിപ്പാടി അവതരിപ്പിച്ചാലും കുറെ മുജാഹിദുകൾ ഒച്ചവെക്കുമെന്നല്ലാതെ മറ്റൊരു കുഴപ്പവും അത്കൊണ്ട് അവർക്ക് ദുനിയാവിൽ വരാനില്ല. എന്നാൽ ക്വുർആന്റെ സ്ഥിതി അത്തരത്തിലാണോ? ക്വുർആന് ഇത്തരത്തിൽ അലങ്കോലപ്പെടുത്തിയാൽ മുജാഹിദുകൾ മാത്രമല്ല ലോകത്തെ മുഴുവൻ മുസ്ലിംകളും പിന്നെ ഈ ഖുറാഫികൾക്കെതിരായിട്ടായിരിക്കും പട നയിക്കുക എന്ന തിരിച്ചറിവായിരിക്കാം തൽക്കാലം കുറെ പാളക്കിത്താബുകളുമായി ഇവർ പള്ളിയിൽ തന്നെ നട്ടം തിരിയുന്നതിന്റെ രഹസ്യം.

സ്വലാത്തിന്റെയും ദികർഹൽഖയുടെയും, റാത്തീബിന്റെയും പേരിൽ പള്ളിയിൽ ജമാഅത്തിന് വരാത്തവരോട് പോലും പണപ്പിരിപ്പ് നടത്തുമ്പോൾ ''അതിന്, നിങ്ങളെപ്പഴാമൗലൂദോതിയത്? ഞങ്ങളാരും ഒന്നും കേട്ടില്ലല്ലോ'' എന്നുള്ള ഒരു പരാതിയുടെ പഴുതടുക്കാനും കൂടിയുള്ള മറ്റൊരു ലക്ഷ്യം കൂടി സ്പീക്കറുപയോഗിച്ചുള്ള ഈ കോലാഹല പ്രാർത്ഥനക്കുണ്ടായിരിക്കുമെന്നതാണ് വാസ്തവം.

നമസ്കാരം തന്നെ ഒരു പ്രാർത്ഥനയാണല്ലോ? നമസ്കാരത്തിലെ ഫാത്വിഹയിലും റുകൂഇലും സുജൂദിലും അത്തഹിയ്യാത്തിലും ഒക്കെയും പ്രാർത്ഥനകളാണ്. നമസ്കാര ശേഷവും പ്രാർത്ഥനകളുണ്ട്. ഈ പ്രാർത്ഥനകളൊന്നും തന്നെ ലൗഡ് സ്പീക്കർ വെച്ച് അട്ടഹാസം മുഴക്കി ഒരാളും പ്രാർത്ഥിക്കാറില്ല. കാരണമെന്ത്? അവിടെയൊന്നും വിശ്വാസികൾക്ക് യാതൊരു പണപ്പിരിവിന്റെ ലക്ഷ്യവും ഇല്ല എന്നത് തന്നെ. ഈ ഖുറാഫികൾ കെട്ടിപ്പടച്ചുണ്ടാക്കിയ ബിദ്അത്തുകളല്ലാതെ, മറ്റൊരാളെ കാണിച്ചോ കേൾപ്പിച്ചോ ചെയ്യേണ്ടതായ ഒരു ഇബാദത്തും യഥാർത്ഥ ഇസ്ലാമിൽ അല്ലാഹുവിന്റെ പ്രവാചകൻ പഠിപ്പിച്ചു തന്നതായി അറിവില്ല

നമസ്കാരം, നോമ്പ്, സക്കാത്ത്, ഹജ്ജ് എന്നവയൊക്കെ ആരാധനയായത് പോലെ നേർച്ചയും ഒരാരാധനയാണല്ലോ? അതിനാൽ നേർച്ച അല്ലാഹുവിന് മാത്രമേ അർപ്പിക്കാൻ പാടുള്ളൂ എന്നാണ് മുജാഹിദുകൾ സമൂഹത്തോട് പറഞ്ഞു കൊണ്ടിരിക്കുന്നത്. മമ്പുറം നേർച്ച, കൊണ്ടോട്ടി, അജ്മീർ, ഭീമാപള്ളി നേർച്ചകളൊക്കെ നമസ്കാരം പോലെ ഒരാരാധന എന്നരൂപത്തിലാണല്ലോ ഖുറാഫികൾ ആചരിച്ച് വരുന്നത്. ഇത്തരം ആണ്ടുനേർച്ചകളെപറ്റിയുള്ള പരസ്യപോസ്റ്ററുകളിൽ പോലും കാണാം. ''വമ്പിച്ച ആണ്ടുനേർച്ച'', ഗംഭീര പെട്ടിവരവ്, വമ്പിച്ച ഉറൂസ് മഹാമഹം'' എന്നൊക്കെ. വമ്പിച്ച നിലവിളക്കുത്സവം, വമ്പിച്ച അഖണ്ഡനാമയജ്ഞം, വമ്പിച്ച ഗാനമേള എന്നൊക്കെ പറയുമ്പോലെ ഒരു ഇബാദത്തായ നേർച്ചയെ വമ്പിച്ചതും ഗംഭീരവുമാക്കി പാവങ്ങളെ കൊള്ളയടിച്ച് വയർ വീർപ്പിക്കുന്ന ഈ വർഗ്ഗം ഇപ്പോഴിതാ പ്രവാചകന്റെ പേരിലുള്ള സ്വലാത്തിനെയും 'വമ്പിച്ച'താക്കി കഴിഞ്ഞു. ഇനി, വമ്പിച്ച നമസ്കാരവും, ഗംഭീര നോമ്പും, ഗംഭീര ഹജ്ജും ഇക്കൂട്ടരിൽ നിന്ന് കാണാനും കേൾക്കാനും കേരള ജനതക്ക് അധികകാലം കാത്തിരിക്കേണ്ടിവരില്ല.

ആഗ്രഹ സഫലീകരണങ്ങൾ നേടാൻ മരണപ്പെട്ടവരോട് പ്രാർത്ഥിക്കാനായി വിവിധ ജാറങ്ങൾ കയറിയിറങ്ങുന്നവരാണല്ലോ ഖുറാഫികൾ. ''വല്ലേ നിലത്തീന്നും എന്നെ വിളിപ്പോർക്ക് വായ് കൂടാദുത്തിരം ചെയ്യും ഞാനെന്നോവർ'' എന്ന മുഹ്യിദ്ദീൻ ശൈഖിന്റെ പേരിലുള്ള ഒരോഫർ നൂറ്റാണ്ടുകളായി ഇവിടെ നിലനിൽക്കുന്നുണ്ട് എന്ന് എല്ലാ ഖുറാഫികൾക്കും അറിയാം. മഹാനായ മുഹ്യിദ്ദീൻ ശൈഖിന്റെ വിലമതിക്കാനാവാത്ത ഒരോഫർ ഇവിടെ നിലവിലുണ്ടായിട്ടും ഭൂരിപക്ഷം മനുഷ്യരും പ്രസ്തുത ഓഫർ അവഗണിച്ചു തള്ളുന്ന കാഴ്ചകളാണ് നാം കണ്ടു കൊണ്ടിരിക്കുന്നത്. ഏതൊരു മുരീദാവട്ടെ, ആരാവട്ടെ, മുഹ്യിദ്ദീൻ ശൈഖിനെ വല്ല നിലത്ത് നിന്ന് ഏതു ഭാഷയിൽ എപ്പോൾ വിളിച്ചാലും അദ്ദേഹം തന്റെ വായ് പൂട്ടുന്നതിന് മുമ്പേ ഉത്തരം ചെയ്യാൻ കാലങ്ങളായി റെഡിയായി കാത്തുനിൽക്കുന്നുണ്ടെങ്കിൽ പിന്നെ എന്തിന് കവലകൾ തോറും ജാറങ്ങൾ വേറെ വേറെ കെട്ടിയുണ്ടാക്കി അവിടങ്ങളിൽ മറമാടപ്പെട്ടവരോടൊക്കെ വിളിച്ചു പ്രാർത്ഥിച്ചുകൊണ്ടിരിക്കണം? തങ്ങൾ എവിടെ നിന്ന് വിളിച്ചാലും കേൾക്കാനും ഉത്തരം നൽകാനും പരമശിവന് കഴിവുണ്ടെന്ന് വിശ്വസിക്കുന്ന അതേഹിന്ദുക്കൾ തന്നെ ഗ്രാമഗ്രാമാന്തരങ്ങൾ തോറും ക്ഷേത്രങ്ങൾ പടുത്തുയർത്തി മുപ്പത്തിമുക്കോടി ദേവിദേവന്മാരെയും അവിടെ കുടിയിരുത്തിന്നവരോടൊക്കെ വിളിച്ചു പ്രാർത്ഥിച്ച് കൊണ്ടിരിക്കുന്ന ദുഃഖകരമായ അവസ്ഥ കാണുമ്പോൾ, ഇതേ അവസ്ഥ തന്നെയല്ലെ എവിടെ നിന്ന് വിളിച്ചാലും ഉത്തരം നൽകാൻ കഴിവുണ്ടെന്ന് വിശ്വസിക്കുന്ന മുഹ്യിദ്ദീൻ ശൈഖുണ്ടായിട്ടും അദ്ദേഹത്തെ തഴഞ്ഞ് കൊണ്ട് മുഴത്തിന് മുഴം ജാറങ്ങൾ പടുത്തുയർത്തി അവരോടൊക്കെ വിളിച്ചു പ്രാർത്ഥിച്ച് കൊണ്ടിരിക്കുന്നവരുടെയും അവസ്ഥ.?